**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1477** **30-08-2022 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിലെ അനധികൃത നിലംനികത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ സർവ്വെ നമ്പർ 1316-ൽ തുടങ്ങുന്ന നമ്പറുകളിൽപ്പെട്ടതും ഡേറ്റാ ബാങ്കിൽ നിലം ആയി ഉൾപ്പെട്ടിട്ടുള്ളതുമായ ഭൂമി അനധികൃതമായി തരംമാറ്റുന്നു എന്നത് സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ ഉൾപ്പെട്ട 131/6 സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ അനധികൃതമായി മണ്ണിട്ട് നികത്തി തരം മാറ്റുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു |
| (ബി) | പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പി ൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല സംഘം എന്തെങ്കിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പരാതിയിന്മേൽ റവന്യൂ വകുപ്പ് രൂപീകരിച്ച സംസ്ഥാനതല സംഘം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | അപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമായിരുന്നു എന്നും പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെയും ആയത് കൈകാര്യം ചെയ്യുന്ന ഡി2/36/2022/റവ നമ്പർ ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) | മൂവാറ്റുപുഴ താലൂക്കിലെ മഞ്ഞള്ളൂർ വില്ലേജിൽ അനധികൃതമായി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച പരാതിയിൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്. റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈകൊണ്ടില്ലാത്തതിനാൽ പ്രസ്തുത റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ചുവരുന്ന ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കുവാൻ തത്ക്കാലം കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ